# INDIAN SCHOOL, AL GHUBRA, MUSCAT

## PRACTICE EXAMINATION: [2014-15]

## CLASS: X – MALAYALAM 2ND LANGUAGE (Code No: 12)

## മലയാളം

Time allowed: 3 hrs  M.Marks: 90

*അനുവദിച്ച സമയം: 3 മണിക്കൂർ*  *ആകെ മാർക്ക്: 90*

*General Instructions:*  *4-2-2015*

- Please check that this question paper contains 4 printed pages.
- Code number given on the right, hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 8 questions
- Please write down the Serial Number of the question before attempting it.
- The Question Paper is divided in to four sections:-

| | | |
|---|---|---|
| Section | A:Reading Comprehension | – 10 marks |
| Section | B:Writing | – 14 marks |
| Section | C:Grammar | – 18 marks |
| Section | D: Literature | – 48 marks |

- 15 minutes time has been allotted to read this question paper. The students will read the question paper only and will not write any answer on the answer-book during this period.

## SECTION-A/ എ. വിഭാഗം (10 Marks)

1. ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭാഷയെ രണ്ടായി വിഭജിക്കാം. ഉത്തേജകമെന്നും വസ്തുനിഷ്ഠമെന്നും. ഒന്നാമത്തേത് കവി, എഴുത്തുകാരൻ, വാഗ്മി എന്നിവരുടെ ഭാഷയാണ്. അത് വികാരത്തിൻെറ വർണ്ണം കലർന്നതും വിചാരപ്രധാനവുമാണ്. ആ ഭാഷയ്ക്ക് ഭാവനയെ ഉത്തേജിപ്പിക്കുവാനും ഓർമ്മയെ ഉണർത്തുവാനും ആത്മാഭിമാനത്തെ വിജൃംഭിപ്പിക്കുവാനും ദേശീയബോധത്തെ ഇക്കിളിപ്പെടുത്തുവാനും ശേഷിയുണ്ട്. ഷേക്സ്പിയറുടെയും വാല്മീകിയുടെയും ചർച്ചിലിൻെറയും ടാഗോറിൻെറയും ഗാന്ധിജിയുടെയും ലെനിനിൻെറയും ഭാഷ ആ വിഭാഗത്തിൽപ്പെടുന്നു. ശാസ്ത്രജ്ഞൻെറയും വ്യവസായിയുടെയും മറ്റും ഭാഷയാണ് വസ്തുനിഷ്ഠമായത്, അത് വ്യാപാരവ്യവസായ ശാസ്ത്രങ്ങളുടെ മാതൃഭാഷയാണ്. വ്യവസായസ്ഥാപനത്തിൻെറ വർഷാന്തഭരണറിപ്പോർട്ട്, ധനകാര്യമന്ത്രിയുടെ ബജറ്റ് പ്രസംഗം, ചന്ദ്രയാത്രയെക്കുറിച്ചുള്ള 'നാസാ' അദ്ധ്യക്ഷൻെറഗവേഷണപ്രബന്ധം തുടങ്ങിയവ അതിൽപ്പെടുന്നു.

(i) കവിയുടെയും വാഗ്മിയുടെയും ഭാഷ എങ്ങനെയുള്ളതാണ്? 2

(ii) ശാസ്ത്രജ്ഞൻെറയും വ്യവസായിയുടെയും ഭാഷ ഏതു വിഭാഗത്തിൽപ്പെടുന്നു? 2

(iii) ഷേക്സ്പിയറുടെയും വാല്മീകിയുടെയും ഭാഷയ്ക്കുള്ള പ്രത്യേകത എന്ത്? 2

(iv) ഭാഷയെ എങ്ങനെ വിഭജിക്കാം? 2

(v) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## SECTION-B/ ബി. വിഭാഗം (14 Marks)

2. (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 7

(a) ശാസ്ത്രം മനുഷ്യപുരോഗതിക്കു നൽകിയ സംഭാവനകൾ

(b) മതസൗഹാർദ്ദത്തിൻെറ ആവശ്യകത

(c) വിവരസാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ

(ii) നിങ്ങളുടെ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തുപ്രസിഡൻറിന് ഒരു കത്ത് തയ്യാറാക്കുക. 7

## SECTION-C/ സി. വിഭാഗം (18 Marks)

3. (a) പ്രയോഗം മാറ്റുക 1

ഉരുളികുന്നത്തെ മനുഷ്യർ എന്നെ ചിരിക്കാനും കരയാനും പഠിപ്പിച്ചു.

(b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 1

ഉരുളികുന്നത്തെ കൂടുതൽ മനുഷ്യരും എപ്പോഴും എങ്ങോട്ടെങ്കിലും നടന്നുപൊയ്ക്കൊണ്ടിരിക്കുന്നവരാണ്.

(c) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 1

തൻെറ പ്രതിഷേധം വകവയ്ക്കാതെ അവർ അതിനെ എവിടെയോ കൊണ്ടുപോയി വിട്ടു.

(d) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 1

തൊട്ടുമുമ്പ് അവർ, കച്ചവടം മതിയാക്കി പോകാനായി ഒരുങ്ങുന്ന ഒരു വഴിവാണിഭക്കച്ചവടക്കാരൻെറ കൈയിൽ നിന്ന് മകനുള്ള ഷർട്ട് പിശകി വാങ്ങുന്നത് അയാൾ കണ്ടിരുന്നു.

4. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) പുലരി

(പ്രഭാതം, കൗമുദി, ഉഷസ്സ്, കമ്രം)

(ii) കൂട്ടം

(സമൂഹം, മുകുരം, വൃന്ദം, സ്യന്ദനം)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക (2 x 1 = 2)

(i) ചിത്രം

(പടം, കാര്യം, സംശയം, അദ്ഭുതം)

(ii) അണി

(നിര, കിരീടം, ദയ, കൂട്ടം)

(c) വിപരീതപദം എഴുതുക (2 x 1 = 2)

(i) സങ്കീർണ്ണം

(സത്യം, സംതൃപ്തി, ലളിതം, രീതി)

(ii) അജ്ഞാതം

(സനാതനം, അജ്ഞാനം, അറിവ്, ജ്ഞാതം)

(d) പദങ്ങളുടെ അർത്ഥവ്യത്യാസം എടുത്തെഴുതുക (2 x 1 = 2)

(i) പരിദേവനം-പരിവേദനം
(കരച്ചിൽ, അഭിനയം, പരാതി, സ്നേഹം)

(ii) കഥനം-കദനം
(ദു:ഖം, ഭയം, പറച്ചിൽ, വിഷമം)

(e) എതിർലിംഗം എഴുതുക (2 x 1 = 2)

(i) ഏകാകിനി
(ഏക, ഏകി, ഏകിനി, ഏകാകി)

(ii) വിദുഷി
(വിദൂഷകൻ, വിദ്വാൻ, വിദൂഷിക, വിദൂഷ)

5. (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 x 1 = 2)

(i) വാത്സല്യത്തോടെ

(ii) പനയോല

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2 x 1 = 2)

(i) മൂകവേദന

(ii) ആടയാഭരണങ്ങൾ

## SECTION-D/ ഡി. വിഭാഗം ( 48 Marks)

6. (a) ഉത്തരമെഴുതുക

(i) പകൽക്കിനാവിനു പറ്റിയ സ്ഥലമാണ് ഉരുളികുന്നം എന്നു സക്കറിയ സ്ഥാപിക്കുന്നതെങ്ങനെ? 4

(ii) "അവളെ ഏതെങ്കിലും അനാഥാലയത്തിൽ ചേർക്കാമായിരുന്നു. ചെലവുകൊടുത്താൽ മതിയല്ലോ. താൻ ഒന്നും ചെയ്തില്ല." കഥാകൃത്തിന് ഇങ്ങനെ തോന്നിയത് എന്തുകൊണ്ടാകാം? 4

(iii) അനാഥയായ പെൺകുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാനായകൻ കുട്ടിക്കാലത്ത് എടുത്തുകൊണ്ടുവന്ന പൂച്ചക്കുട്ടിയെക്കുറിച്ച് ഓർത്തുപോകുന്നു. കഥാനായകൻെറ ഈ ഓർമയ്ക്ക് കഥയിൽ എന്തു പ്രസക്തിയാണുള്ളത്? 4

(iv) ' സക്കറിയ എന്ന മനുഷ്യപ്രാണിയുടെ ഹൃദയത്തെയും തലച്ചോറിനെയും അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന നിരവധി താക്കോലുകൾ ഈ ലോകത്തിലെ മണ്ണിലും പാഴിലകളിലുമാണ് പൂഴ്ന്നുകിടക്കുന്നത്.' വിശദമാക്കുക. 4

(b) (i) "പറവൂ <u>നിസ്സന്ദേഹമിന്നു</u> ഞാൻ മുക്കുറ്റിപ്പൂ
കരളിൽത്തുടുപ്പോലുമഞ്ചിതളുകളത്രേ"
"<u>മുക്തകണ്ഠം</u> ഞാനിന്നു <u>ഘോഷിപ്പൂ</u> <u>നിസ്സന്ദേഹം</u>
മുറ്റത്തെ നിലപ്പനപ്പൂവിനാറിതളത്രേ"
-അടിവരയിട്ട പദങ്ങൾ കവിയുടെ ഏതു മനോഭാവത്തെയാണു കാണിക്കുന്നത്? ഈ കാഴ്ചപ്പാടു വിലയിരുത്തുക 4

(ii) "കണ്ണീരണിഞ്ഞു കുഗ്രാമ-
ലക്ഷ്മിനോക്കിയിരിക്കവെ
കേവഞ്ചികേറിപ്പോയോണ-
വെണ്ണിലാവണിരാവുകൾ."വിശദമാക്കുക. 4

(iii) 'കുതിച്ചു തീവണ്ടി കിതച്ചു പായുന്നു,
കുതുകാൽ ചിന്തകൾ കുതിക്കുന്നു മുമ്പേ' - ആശയം വിശദമാക്കുക. 4

(iv) "നിറഞ്ഞിരിക്കിലും ദരിദ്രമീ രാജ്യം,
നിറന്നിരിക്കിലും വികൃത, മെങ്കിലും
ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,
നിവിടെ ദു:ഖിപ്പാൻ കഴിവതേ സുഖം!"- ഈ കാവ്യഭാഗത്ത്
ഏതൊക്കെ വൈരുദ്ധ്യങ്ങളാണു തെളിയുന്നത്? 4

7. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക. (8 x ½ = 4)

(a) മധുരദർശനം നൽകുന്നത് -
(മലനാട്, പട്ടണം, പുഴ, പുലരി)

(b) താഴെ കൊടുത്ത കൃതികളിൽ വൈലോപ്പിള്ളിയുടേതല്ലാത്തത് ഏത്?
(കന്നിക്കൊയ്ത്ത്, വിത്തും കൈക്കോട്ടും, കുടിയൊഴിക്കൽ, ആലഞ്ഞാട്ടമ്മ)

(c) 'ഓടിക്കിതച്ചെൻെറ വാതിലിൽ വന്നു' - ആര്
(സ്നേഹിതൻ, ഗ്രാമം, പട്ടണം, നിദ്ര)

(d) 'ഖണ്ഡകാവ്യങ്ങൾ തിരുത്തും സൂര്യരശ്മികൾ' - ആരുടെ
ഖണ്ഡകാവ്യങ്ങളാണ് സൂര്യരശ്മികൾ തിരുത്തുന്നത്?
(പുലരി, സന്ധ്യ, നിശ, സ്വർഗ്ഗം)

(e) 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥ രചിച്ചത്.
(സക്കറിയ, ഇ.ഹരികുമാർ, സുഭാഷ് ചന്ദ്രൻ, കെ.ആർ.മീര)

(f) പൂപ്പൊലിപ്പാട്ടിൽ മലനാടിനെ വിളിച്ചതാര്?
(സൂര്യരശ്മികൾ, പുലർവേളകൾ, സന്ധ്യകൾ, തൂവൽത്തുമ്പുകൾ)

(g) "അവൾ കുറച്ചു വിഷമത്തിലായിരിക്കുകയാണ്". ആര്?
(പെൺകുട്ടി, രമണി, പെങ്ങൾ, ലില്ലിയമ്മ)

(h) ഉരുളികുന്നത്തെ മനുഷ്യർ സക്കറിയയ്ക്കു ആടയാഭരണങ്ങളില്ലാതെ
നൽകിയത്
(പുഴ, വീട്, ഭാഷ, ചിരി)

8. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ
ഉത്തരമെഴുതുക. (2 x 6 = 12)

(a) "അപ്പുവിൻെറ മനസ്സിൽ അദ്ഭുതത്തിൻെറ ലോകം വിടരുകയാണ്."
എന്തെല്ലാം അദ്ഭുതങ്ങളാണ് അപ്പുവിനു മനസ്സിലാക്കാൻ കഴിഞ്ഞത്?

(b) "ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കണ്ടുപിടിത്തം എന്നു ഡോക്ടർമാർ
വിശേഷിപ്പിച്ചതെന്ത്?

(c) കൗതുകകരമായ ഒരു ശാസ്ത്രകഥ എന്ന നിലയിൽ മൃതസഞ്ജീവനി എന്ന
ഗ്രന്ഥത്തിൻെറ സവിശേഷതകൾ എന്തെല്ലാമെന്നു വ്യക്തമാക്കുക.